# അടിസ്ഥാനചിന്തകൾ ഉയർന്നുവരണം

**ആർ. ശ്രീധർ**
**പരിസ്ഥിതി വിദഗ്ധൻ**

**1**. തെരഞ്ഞെടുപ്പിൽ വോട്ടിടാൻ പോകുന്നവരെല്ലാം സാധാരണക്കാരാണ്. തങ്ങൾക്ക് വിശ്വാസമുള്ള ഏതെങ്കിലും രാഷ്ട്രീകക്ഷിയോ മുന്നണിയോ അധികാരത്തിൽ വന്നാൽ മാറ്റമുണ്ടാകുമെന്ന് വിശ്വസിക്കുന്നവരാണ് അവർ. പക്ഷെ തെരഞ്ഞെടുക്കപ്പെടുന്നവർ അധികാരത്തിലെത്തിയാൽ ഒട്ടും പരിഗണിക്കാത്തത് ഈ സാധാരണക്കാരെയാണ്. അത്തരമൊരു സാഹചര്യം ഇവിടെ നിലനിൽക്കുന്നതിനാൽ വോട്ട് ചെയ്യുന്നതോടെ ഉത്തരവാദിത്തം അവസാനിച്ചു എന്ന് പറഞ്ഞ് പിന്മാറാൻ സാധാരണക്കാർ തയ്യാറാകരുത്. തെരഞ്ഞെടുക്കപ്പെട്ടവരുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കാൻ ജനങ്ങൾക്ക് കഴിയണം. ജനകീയമായ ഭരണമുണ്ടാകാൻ ജനങ്ങളും നിരന്തരം ഇടപെടേണ്ടി വരും. വി.എസ്. അച്യുതാനന്ദൻ മത്സരിക്കുന്നില്ലെന്ന് പാർട്ടി തീരുമാനിക്കുമ്പോൾ അതിനെതിരെ തെരുവിൽ പ്രതിഷേധിക്കാൻ കാണിക്കുന്ന അതേ ആർജ്ജവം ജനപ്രതിനിധിയുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കാനും ജനങ്ങൾ കാണിക്കണം. അത്തരമൊരു സമരമായിട്ടാണ് തെരഞ്ഞെടുപ്പിനെ കാണേണ്ടത്.

**2**. അങ്ങിനെയൊരു അജണ്ടയില്ല. ടെലിവിഷൻ കാണുന്ന ഒരു കുടുംബത്തിനുള്ളിൽ സർവ്വെ നടത്തിയാൽ സീരിയൽ കാണുന്നവരായിരിക്കും കൂടുതലുള്ളത്. വാർത്തകാണുന്നവരുടെ എണ്ണം കുറവായിരിക്കും. ജനങ്ങളുടെ ആ സ്വഭാവത്തിനനുസരിച്ചാണ് മാധ്യമങ്ങൾ പ്രവർത്തിക്കുന്നത്. ആ സ്വഭാവത്തിനനുസരിച്ചുള്ള ചർച്ചകളാണ് അവർ നടത്തുന്നത്. ജനകീയ പ്രശ്നങ്ങളെക്കുറിച്ചുള്ള ചർച്ചകളാണ് അവർ ശരിക്കും നടത്തേണ്ടത്.

കേരളത്തിലെ വലുതും ചെറുതുമായ പല സമരങ്ങളേയും മാധ്യമങ്ങൾ സ്വാധീനിച്ചിട്ടുണ്ട്. കേരളത്തിന്റെ സവിശേഷമായ ഒരു സാഹചര്യം കൊണ്ട് സംഭവിക്കുന്നതാണിത്. പരിസ്ഥിതിദിനം കേരളത്തിലെ മാധ്യമങ്ങൾ കൈകാര്യം ചെയ്യുന്നത് പോലെ മറ്റ് സംസ്ഥാനങ്ങളിലൊന്നും കൈകാര്യം ചെയ്യപ്പെടുന്നില്ല. കേരളീയ സമൂഹത്തിൽ പരിസ്ഥിതിയെക്കുറിച്ച് അത്തരത്തിലുള്ള ബോധം നിലനിൽക്കുന്നതുകൊണ്ടാണ് മാധ്യമങ്ങൾക്കും വളരെ പ്രാധാന്യത്തോടെ അത് കൊടുക്കേണ്ടി വരുന്നത്. മാധ്യമങ്ങളും പരിസ്ഥിതി പ്രവർത്തകരും തമ്മിൽ അത്തരത്തിലുള്ള സിന്തസിസ് കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. ഈ സിന്തസിസ് ആണ് മാധ്യമങ്ങളെ അത്തരം വിഷയങ്ങൾ കൈകാര്യം ചെയ്യാൻ പ്രേരിപ്പിക്കുന്നത്. പക്ഷെ പല സാമൂഹിക വിഷയങ്ങളിലും അത്തരമൊരു സിന്തസിസ് ഇവിടെ നിലവിലില്ലാത്തതുകൊണ്ടാണ് മാധ്യമങ്ങൾ പലതും കണ്ടില്ലെന്ന് നടിക്കുന്നത്. വലിയ വിഭാഗം ജനങ്ങൾ മൂവ്മെന്റിലേക്ക് എത്തിയാൽ മാത്രമാണ് മാധ്യമങ്ങളും ആ മൂവ്മെന്റിനെ പിന്തുണയ്ക്കുന്നത്. സ്വയം മാധ്യമങ്ങൾ മാറേണ്ടതാണ്. സ്വീകരിക്കാൻ കഴിയുന്ന ജനമില്ലെങ്കിലും പല വാർത്തകളും കൊടുക്കാൻ അവർക്ക് ബാധ്യതയുണ്ട്.

ദേശീയമാധ്യമങ്ങൾ അടുത്തകാലത്ത് അഴിമതിയെ സംബന്ധിച്ച് അത്തരത്തിലുള്ള ഒരു നിലപാടെടുത്തു. അഴിമതിക്കെതിരെ മാധ്യമങ്ങൾ ശക്തമായി രംഗത്ത് വന്നതോടെ സൊസൈറ്റിക്കിടയിലും അതൊരു മൂവ്മെന്റ് ആയി മാറി. അഡ്വ. പ്രശാന്ത് ഭൂഷണേയും അരവിന്ദ് കെജരിവാളിനേയും അണ്ണാ ഹസാരെയേയും  പോലെയുള്ള നിരവധി പേർ അതിന് നേതൃത്വം നൽകി. രണ്ട് കൂട്ടർക്കിടയിലും ഒരു സിന്തസിസ് അവിടെ സാധ്യമായി.

**3**. ജനങ്ങളോടൊപ്പം തന്നെയാകണം ജനപ്രതിനിധികൾ നിൽക്കേണ്ടത്. രാഷ്ട്രീയ പാർട്ടികളുടെ നിലപാടുകൾ അഴിമതിയുടെ ഭാഗമായി മാറിയതോടെയാണ് ജനങ്ങളുടെ നിലപാടുകളിൽ നിന്നും അവർ അകന്നത്. രാഷ്ട്രീയ പാർട്ടികളും ജനപ്രതിനിധികളും ജനകീയ നയങ്ങളിൽ നിന്നും വ്യതിചലിക്കുകയാണെങ്കിൽ ജനങ്ങൾ അവരെ തിരുത്തണം. സാമൂഹിക പ്രവർത്തകർ കൂടുതൽ ജനപിന്തുണയാർജ്ജിച്ച് രാഷ്ട്രീപാർട്ടികൾ കോർപ്പറേറ്റുകൾക്ക് പിറകേ പോകുന്നത് തടയണം. വി.എസ്. അച്യുതാനന്ദന് അത് ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങൾ അദ്ദേഹത്തോടൊപ്പം നിന്നപ്പോൾ പാർട്ടിക്കും പല സന്ദർഭങ്ങളിൽ അത് അനുസരിക്കേണ്ടിവന്നു.

**4**. വിലയിരുത്തപ്പെടേണ്ടതുണ്ട്. തിരിച്ചുവിളിക്കാനുള്ള അധികാരം ജനങ്ങൾക്ക് നൽകുകയും വേണം. ജനസംഖ്യ കുറഞ്ഞ സ്വിറ്റ്സർലാന്റ് പോലെയുള്ള രാജ്യങ്ങളിൽ ജനഹിതം പരിശോധിക്കാൻ എളുപ്പമാണ്. ഇന്ത്യയെപ്പോലെ ജനസംഖ്യ കൂടിയ ഒരു രാജ്യത്ത് ജനഹിതം പരിശോധിക്കാനും ജനപ്രതിനിധികളെ തിരിച്ചുവിളിക്കാനും പ്രയാസമാണ്. പ്രതിനിധികളെ ഉപയോഗിക്കുന്ന സംവിധാനത്തിലൂടെ തിരിച്ചുവിളിക്കൽ സാധ്യമാകുമോ എന്ന് ചിന്തിക്കേണ്ടതുണ്ട്. പല സംഘടനകളും ഈ ആശയവുമായി

**ജനകീയമായ രീതിയിൽ കാര്യങ്ങൾ തീരുമാനിക്കാനുള്ള ഒരു വ്യവസ്ഥ കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. അതിന്റെ തുടർച്ച അത്യന്താപേക്ഷിതമാണ്. അതിനായി പൊതുസമൂഹത്തെ ശക്തിപ്പെടുത്തുക എന്ന കടമയും പരിസ്ഥിതിപ്രവർത്തകർ ഏറ്റെടുക്കേണ്ടതുണ്ട്. പരിസ്ഥിതിപ്രവർത്തനത്തിന് അപ്പുറമുള്ള റോൾ എടുക്കുമ്പോൾ മാത്രമാണ് അത് സാധ്യമാകുന്നത്.**

രംഗത്ത് വന്നിട്ടുണ്ട്. പ്രതിഷേധമെന്ന നിലയിൽ വോട്ട് അസാധുവാക്കുന്ന ക്യാമ്പയിനുകളും നടക്കുന്നുണ്ട്.

**5**. ഇരകൾ എന്ന വാക്ക് ഉപയോഗിക്കുന്നതിൽ ചില പ്രശ്നങ്ങളുണ്ട്. മൂലമ്പിള്ളിയിൽ എന്താണ് കാണാൻ കഴിഞ്ഞത്. കുടിയൊഴിപ്പിക്കപ്പെട്ടവരുടെ വീട് ഇടിച്ചുനിരത്തുമ്പോൾ വീട് നഷ്ടമാകാത്തവർ അത് കണ്ടുകൊണ്ട് നിൽക്കുന്നു. അവരുടെ വീട് പോകുന്നതുവരെ അവർ കാഴ്ച്ചക്കാരായി തുടരും. അതൊരു വലിയ പ്രശ്നമായെടുത്ത് ചർച്ച ചെയ്യണം. എന്നെയും ഇതേ കാര്യം ബാധിക്കുമെന്ന് എന്തുകൊണ്ടാണ് അവർ ചിന്തിക്കാത്തത് എന്നതിനെക്കുറിച്ച് ചർച്ചചെയ്യണം. എൻഡോസൾഫാൻ കാസർഗോഡ്കാരെ മാത്രം ബാധിക്കുന്ന പ്രശ്നമായാണ് ഭൂരിപക്ഷം മലയാളികൾ ഇപ്പോഴും കരുതുന്നത്. സെൻസിറ്റിവിറ്റി സമൂഹത്തിൽ കുറഞ്ഞുപോയതിന്റെ പ്രശ്നമാണിത്. അത് തിരികെകൊണ്ടുവരാനുള്ള പ്രവർത്തനങ്ങളാണ് കേരളത്തിൽ അടിയന്തിരമായി നടക്കേണ്ടത്. സെൻസിറ്റിവിറ്റിയുള്ള തലമുറയെ വളർത്തിയെടുക്കേണ്ട ഉത്തരവാദിത്തം സാമൂഹ്യപ്രവർത്തകർക്കുണ്ട്. വിദ്യപകർന്നു കൊടുക്കുന്നതിന്റെ ഭാഗമായി ഇതും നൽകാൻ കഴിയണം. ഡാം വേണ്ട എന്ന് പറയുന്നതിനപ്പുറം ഊർജ്ജത്തെക്കുറിച്ചുള്ള അടിസ്ഥാനചിന്തകൾ സമൂഹത്തിൽ വളർത്തിയെടുക്കാൻ കൂടികഴിയണം.

വികസനത്തെക്കുറിച്ച് കേരളത്തിൽ ഇപ്പോൾ പ്രബലമായി നിൽക്കുന്ന ചിന്താഗതി മാറ്റിയെടുക്കേണ്ടതുണ്ട്. പുനരധിവാസം നൽകിയതുകൊണ്ട് വികസനത്തിന്റെ പ്രശ്നങ്ങൾ അവസാനിക്കില്ല. പുനരധിവാസം നൽകുന്നതിന് ആവശ്യമായ ഭൂമി കേരളത്തിൽ ഇല്ലാത്ത സാഹചര്യത്തിൽ കുടിയൊഴിപ്പിക്കൽ വേണ്ടിവരുന്ന വികസനം വേണ്ട എന്നൊരു നിലപാടെടുക്കണം. ഒരു ഗ്രാമത്തിലെ ജനങ്ങളുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്ന തരത്തിലുള്ള വികസനം പ്രാദേശികമായ തൊഴിൽ സംരഭങ്ങൾ വർദ്ധിപ്പിക്കുന്നതിലൂടെ നേടിയെടുക്കാൻ ജനകീയാസൂത്രണം വഴി കഴിഞ്ഞിട്ടുണ്ട്. പകരം ആ ഗ്രാമീണ ജനതയെമുഴുവൻ കുടിയൊഴിപ്പിച്ച ശേഷം പുറത്ത് നിന്നും വരുന്ന ഒരു വ്യവസായത്തെ അവിടെ കുടിയിരുത്തിയതുകൊണ്ട് അവരുടെ ജീവിതനിലവാരം മെച്ചപ്പെടണമെന്നില്ല. സീറോ റീഹാബിലിറ്റേഷനും ഇക്കണോമിക് ഗെയിനും ഇക്കളോജിക്കൽ ഗെയിനുമുള്ള ഒരു വ്യവസായത്തെക്കുറിച്ചാണ് കേരളം ചിന്തിക്കേണ്ടത്. അത്തരത്തിൽ വലിയ സാധ്യത കേരളത്തിനുണ്ട്. ജനകീയാസൂത്രണത്തിന്റെ സാധ്യതകളിലൂടെ പ്രാദേശികമായുണ്ടായ വികസനത്തെക്കുറിച്ച് ഒരു കണക്കെടുപ്പ് നമ്മൾ അടിയന്തിരമായി നടത്തേണ്ടിയിരിക്കുന്നു. പരിസ്ഥിതി പ്രവർത്തകർ ഈ വിഷയം മുന്നോട്ട് കൊണ്ടുവരണം.

**6**. പൊതുസമൂഹത്തിന് അർഹതയുണ്ട്. അർഹതയുള്ള പൊതുസമൂഹം ഒരു ന്യൂനപക്ഷമായിരിക്കാം. പക്ഷെ അവർക്ക് പലതും ചെയ്യാൻ കഴിയും. കള്ളന്മാരു കൊള്ളക്കാരും എത്രയുണ്ടോ അത്ര തന്നെ അവരുമുണ്ട്. ഭരണത്തെ സ്വാധീനിക്കാൻ കഴിയുന്ന ഒരു സമ്മർദ്ദഗ്രൂപ്പായി ഈ ന്യൂനപക്ഷത്തിന് പ്രവർത്തിക്കാൻ കഴിയും. ജനകീയമായ രീതിയിൽ കാര്യങ്ങൾ തീരുമാനിക്കാനുള്ള ഒരു വ്യവസ്ഥ കേരളത്തിൽ രൂപപ്പെട്ടിട്ടുണ്ട്. അതിന്റെ തുടർച്ച അത്യന്താപേക്ഷിതമാണ്. അതിനായി പൊതുസമൂഹത്തെ ശക്തിപ്പെടുത്തുക എന്ന കടമയും പരിസ്ഥിതിപ്രവർത്തകർ ഏറ്റെടുക്കേണ്ടതുണ്ട്. പരിസ്ഥിതിപ്രവർത്തനത്തിന് അപ്പുറമുള്ള റോൾ എടുക്കുമ്പോൾ മാത്രമാണ് അത് സാധ്യമാകുന്നത്.

**7**. തെരഞ്ഞെടുപ്പ് പ്രക്രിയതന്നെ സാമ്പത്തിക താത്പര്യങ്ങൾ കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ജനപക്ഷമായി ചിന്തിക്കുന്ന ചിലർ സ്ഥാനാർത്ഥികളായി നിൽക്കുന്നുണ്ട്. ഇടത്-വലത് വ്യത്യാസമില്ലാതെ അവരെ ജയിപ്പിക്കണം. ജനകീയ നിലപാടുകൾക്ക് കക്ഷിഭേദമില്ല. അവരുടെ നിലപാടുകളെ എപ്പോഴും നമുക്ക് സ്വാധീനിക്കാൻ കഴിഞ്ഞാൽ മുകളിൽ പറഞ്ഞ സങ്കൽപ്പങ്ങൾക്ക് തെരഞ്ഞെടുപ്പിൽ സ്വാധീനം ലഭിക്കും. പരിസ്ഥിതിയുടെ രാഷ്ട്രീയം അറിയാത്ത ആളാണ് തെരഞ്ഞെടുക്കപ്പെടുന്നതെങ്കിൽ അയാളെ തിരുത്താൻ കഴിയണം.

**8**. അഞ്ച് വർഷത്തെ വി.എസ് ഭരണത്തിൽ സാമൂഹിക ക്ഷേമം ലക്ഷ്യം വച്ചുള്ള ചില നിയമങ്ങൾ നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. നെൽവയൽ നീർത്തട സംരക്ഷണനിയമം, ജൈവകൃഷിനയം, കീടനാശിനികൾക്കെതിരെ എടുത്ത നിലപാടുകൾ, നമ്മുടെ വിഭവങ്ങളുടെ മുകളിൽ നമുക്കുള്ള നിയന്ത്രണം നിലനിർത്തിക്കൊണ്ട് തുടങ്ങിയ തുടർസാധ്യതകൾ തുറന്നുതരുന്നു. ഈ സാധ്യതകൾ മുന്നോട്ട് കൊണ്ടുപോകാൻ കഴിയണം.

വിഭവം എന്നതാണ് തെരഞ്ഞെടുപ്പിൽ പ്രധാന ചർച്ചയാകേണ്ടത്. നെൽവയൽ നീർത്തടബില്ലിലൂടെ വിഭവസംരക്ഷണത്തിനുള്ള ഒരു തുടക്കമുണ്ടായിട്ടുണ്ട്. നെൽവയൽ ബിൽ തന്നെ ഒരുപാട് സംഘർഷങ്ങൾക്ക് ശേഷമാണ് നിയമസഭയിൽ അവതരിപ്പിക്കാൻ കഴിഞ്ഞത്. മുഖ്യമന്ത്രിയും മന്ത്രിമാരായ കെ.പി. രാജേന്ദ്രനും മുല്ലക്കര രത്നാകരനും അക്കാര്യത്തിൽ ഉറച്ച നിലപാടെടുത്തു. വിഭവസംരക്ഷണത്തിനുള്ള ഒരു മുഖ്യമാർഗ്ഗമായി ഈ നിയമം മാറി. നെൽവയലുകളെപ്പോലെ മറ്റ് പ്രകൃതി വിഭവങ്ങളേയും നിയന്ത്രിക്കുവാനും ആവശ്യമായ രീതിയിൽ പരിഗണിക്കാനുമുള്ള നിയമങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. വിഭവങ്ങളെ സംരക്ഷിക്കുന്നതരത്തിൽ പ്രകൃതിക്ക് അനുയോജ്യമായ ഒരു ഭൂനയം നടപ്പിലാക്കണം.

തൊഴിലാണ് മറ്റൊരു വിഷയം. തൊഴിൽ സൃഷ്ടിക്കാൻ കഴിയുന്ന സംരംഭങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തണം. ജനകീയാസൂത്രണവും പ്രാദേശിക വികസനവും വഴി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കണം. ഭക്ഷ്യസുരക്ഷയും സുരക്ഷിതമായ ഭക്ഷണവുമാണ് ചർച്ചയാകേണ്ട മറ്റൊരു വിഷയം.